# പിശാചിന്റെ ഉപദ്രവങ്ങൾ നീക്കുവാനുള്ള പ്രാർത്ഥന

(പതിമൂന്നാം ലെയോ മാർപാപ്പയുടെ കല്പന
പ്രകാരം പ്രസിദ്ധം ചെയ്തീട്ടുള്ളത്)
പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും
നാമത്തിൽ ആമ്മേൻ

## വി. മിഖായേൽ മാലാഖയോടുള്ള ജപം

മുഖ്യദൂതനായ വി. മിഖായേൽ മാലാഖേ, സ്വർഗ്ഗീയ സൈന്യങ്ങളുടെ പ്രതാപവാനായ പ്രഭുവേ, ഉന്നത ശക്തികളോടും അധികാരങ്ങളോടും ഇരുളടഞ്ഞ ലോകത്തിലെ ഭരണകർത്താക്കളോടും ഉപരിതലങ്ങളിലെ ദുരാത്മാക്കളോടുമുള്ള യുദ്ധത്തിൽ ഞങ്ങളെ സഹായിക്കണമേ. ദൈവം തന്റെ സ്വന്തം ഛായയിൽ സൃഷ്ടിക്കുകയും വലിയ വിലകൊടുത്ത് വീണ്ടെടുക്കുകയും ചെയ്തമനുഷ്യരെ പിശാചിന്റെ ക്രൂരഭരണത്തിൽ നിന്നും രക്ഷിക്കുവാൻ വന്നാലും. നിന്നെ ആണല്ലോ തിരുസഭ തന്റെ പരിപാലകനും സംരക്ഷകനുമായി വണങ്ങുന്നത്. കർത്താവ് രക്ഷിച്ച ആത്മാക്കളെ സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടുപോകുവാൻ നിയോഗിച്ചിട്ടുള്ളതും നിന്നെതന്നെയാണല്ലോ. ആകയാൽ ഞങ്ങളുടെ പാദങ്ങളുടെ കീഴിൽ പിശാചിനെ

അടിപ്പെടുത്തുവാൻ സമാധാന ദാതാവായ ദൈവത്തോടു പ്രാർത്ഥിക്കണമേ. അവൻ ഒരിക്കലും മനുഷ്യരെ അടിമ പ്പെടുത്തുകയോ തിരുസഭയെ ഉപദ്രവിക്കുകയോ ചെയ്യാ തിരിക്കട്ടെ. ഞങ്ങളുടെ പ്രാർത്ഥനകൾ അത്യുന്നതനായ ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കുക. അവിടുത്തെ കരുണ ഞങ്ങളുടെമേൽ വേഗം ഉണ്ടാകുമാറാകട്ടെ. ദുഷ്ട ജന്തുവും പഴയസർപ്പവുമായ സാത്താ നേയും അവന്റെ കൂട്ടുകാരേയും പിടിച്ചുബന്ധിക്കുകയും അഗാധപാതാള ത്തിൽ ഇട്ട് അടക്കുകയും ചെയ്യണമേ. അവൻ ഒരിക്കലും ജനങ്ങളെ വഴി തെറ്റിക്കാതിരിക്കട്ടെ.

ദൈവമാതാവായ പരിശുദ്ധ അമലോത്ഭവ വിശുദ്ധ മിഖായേലിന്റേയും, ശ്ലീഹന്മാരായ വിശുദ്ധ പത്രോസിന്റേയും, വിശുദ്ധ പൗലോസിന്റേയും, സകല പുണ്യവാന്മാരുടേയും മാദ്ധ്യസ്ഥം തേടിക്കൊണ്ട്, ഞങ്ങളുടെ കർത്താവും രക്ഷക നുമായ ഈശോമിശിഹായുടെ നാമത്തിൽ അങ്ങയുടെ വിശുദ്ധഭരണത്തിന്റെ ശക്തിമത്തായ അധികാരത്തിൽ ആശ്രയിച്ച്, പിശാചിന്റെ ആക്രമണങ്ങളേയും വഞ്ചനക ളേയും അകറ്റുവാൻ ഉറപ്പോടെ ഒരുങ്ങുന്നു.

## 67 – ാം സങ്കീർത്തനം

ദൈവം എഴുന്നേൽക്കുകയും, അവിടുത്തെ ശത്രു

ക്കൾ ചിതറപ്പെടുകയും ചെയ്യട്ടെ. അവിടുത്തെ ദ്വേഷിക്കുന്നവർ അവിടുത്തെ മുമ്പിൽ നിന്ന് ഓടി അകലട്ടെ. പുക ഇല്ലാതാകു ന്നതുപോലെ അവരും ഇല്ലാതാകട്ടെ. തീയുടെ മുമ്പിൽ മെഴുക് ഉരുകുന്നതുപോലെ ദുഷ്ടന്മാർ ദൈവത്തിന്റെ മുമ്പാകെ നശിക്കട്ടെ.

**മു.** കർത്താവിന്റെ കുരിശിനെ കണ്ടാലും ശത്രുക്കളുടെ ഗണങ്ങളേ ഓടിപ്പോകുവിൻ.

**സ.** യൂദായുടെ വംശത്തിലെ സിംഹവും ദാവീദിന്റെ സന്താനവുമായവൻ ജയം പ്രാപിച്ചിരിക്കുന്നു.

**മു.** കർത്താവേ, അങ്ങിൽ ഞങ്ങൾ ശരണപ്പെടുന്നതു പോലെ.

**സ.** അങ്ങയുടെ കരുണ ഞങ്ങളുടെ മേൽ ഉണ്ടാകട്ടെ

## നെറ്റിയിൽ കുരിശുവരച്ചുകൊണ്ട് ചൊല്ലുന്നു

അശുദ്ധാത്മാക്കളേ ✠ പൈശാചികശക്തികളേ ✠ നാരകീയ ശത്രുക്കളേ ✠ ദുഷ്ടസംഘങ്ങളേ ✠ സമൂഹങ്ങളേ ✠ വിഭാഗങ്ങളേ ✠ നിങ്ങൾ ആരുതന്നെയായാലും, ഞങ്ങളിൽ നിന്ന് നിങ്ങളെ ഞങ്ങൾ ഓടിക്കുന്നു ✠ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടതും ചെമ്മരിയാട്ടിൻകുട്ടിയുടെ വിലയേറിയ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടതുമായ ആത്മാക്കളിൽ നിന്നും ദൈവത്തിന്റെ സഭയിൽ നിന്നും

ഞങ്ങളുടെ കർത്താവീശോ ✠ മിശിഹായുടെ നാമത്തിലും ശക്തിയിലും നിങ്ങൾ തള്ളിക്കളയപ്പെടുകയും അകറ്റപ്പെടുകയും ചെയ്യട്ടെ. ✠ മഹാ സൂത്രശാലിയായ സർപ്പമേ, മനുഷ്യവംശത്തെ വഴിതെറ്റിക്കാനും, സഭയെ ഞെരുക്കുവാനും, ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ പീഡിപ്പിക്കുവാനും അവരെ ഗോതമ്പു പോലെ ചേറ്റുവാനുമുള്ള നിന്റെ ധാർഷ്ട്യം ഉപേക്ഷിക്കുക ✠ അത്യുന്നതനായ ദൈവം നിങ്ങൾക്കു നൽകുന്ന കൽപനയാകുന്നു ഇത്. എല്ലാ മനുഷ്യരും രക്ഷപ്രാപിക്കുന്നതിനും സത്യത്തിന്റെ ജ്ഞാനത്തിലേക്കു വരുന്നതിനും അവിടുന്ന് ആഗ്രഹിക്കുന്നു. എന്നാൽ ആ ദൈവത്തോടു തുല്യനാകുവാൻ ധിക്കാരപൂർവ്വമായ നിന്റെ ജഡത്വത്തിൽ നീ ഇനിയും ഭാവിക്കുന്നു! പിതാവായ ദൈവം നിങ്ങളോട് കൽപിക്കുന്നു ✠ പുത്രനായ ദൈവം നിങ്ങളോട് കൽപിക്കുന്നു ✠ പരിശുദ്ധാത്മാവായ ദൈവം നിങ്ങളോട് കൽപിക്കുന്നു ✠ ദൈവത്തിന്റെ നിത്യവചനം മനുഷ്യനായി അവതരിച്ച മിശിഹാ നിങ്ങളോടു കൽപിക്കുന്നു ✠ നിങ്ങളുടെ ദുഷ്ടത മൂലം അധഃപതിച്ച ഞങ്ങളുടെ വംശത്തെ രക്ഷിക്കുവാനായി അവിടുന്നു മരണം വരെ കീഴ്വഴങ്ങിക്കൊണ്ട് തന്നെത്തന്നെ എളിമപ്പെടുത്തി. ഉറപ്പുള്ള പാറമേലാണ് അവിടുന്നു തന്റെ പള്ളിയെ പണിതിരിക്കുന്നത്. കാലങ്ങളുടെ

അവസാനം വരെ എന്നന്നേയ്ക്കും അവിടുന്ന് തന്റെ സഭ യോടുകൂടെ വസിക്കുന്നതിനാൽ നരകവാതിലുകൾ പ്രബലപ്പെടുകയില്ലെന്ന് അവിടുന്ന് വെളിപ്പെടുത്തിയിരിക്കുന്നു. കുരിശിന്റെ ✠ നിഗൂഢമായ ശക്തിയും ക്രിസ്തീയ വിശ്വാസത്തിന്റെ ദിവ്യരഹസ്യങ്ങളുടെ ശക്തിയും ✠ ഇതുതന്നെ നിങ്ങളോട് കല്പിക്കുന്നു. തന്റെ അമലോത്ഭവത്തിന്റെ ആദ്യ നിമിഷം മുതൽ തന്റെ എളിമ കൊണ്ട് അഹങ്കാരികളായ നിങ്ങളുടെ തലയെ തകർത്തവളും ദൈവത്തിന്റെ മഹാമാതാവുമായ പരിശുദ്ധ കന്യകാമറിയം നിങ്ങളോടു കൽപിക്കുന്നു ✠ വിശുദ്ധ ശ്ലീഹന്മാരായ പത്രോസിന്റേയും പൗലോസിന്റെയും മറ്റു ശ്ലീഹന്മാരുടേയും വിശ്വാസം നിങ്ങളോടു കൽപിക്കുന്നു✠ വേദസാക്ഷികളുടെ രക്തവും എല്ലാ വിശുദ്ധന്മാരുടേയും വിശുദ്ധകളുടേയും മാദ്ധ്യസ്ഥശക്തിയും നിങ്ങളോട് കൽപിക്കുന്നു✠

ഇപ്രകാരം ശപിക്കപ്പെട്ട സർപ്പമേ ✠ ദുഷ്ട സൈന്യങ്ങളേ ✠സജീവദൈവത്തെക്കുറിച്ച്✠ സത്യദൈവത്തെക്കുറിച്ച് ✠പരിശുദ്ധനായ ദൈവത്തെക്കുറിച്ച് ✠ തന്റെ ഏകപുത്രനിൽ വിശ്വസിക്കുന്ന ഒരുത്തനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനായി ആ പ്രിയ പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച ദൈവത്തെക്കുറിച്ച് ✠സത്യമായി ഞങ്ങൾ നിങ്ങളാടു കൽ

പ്പിക്കുന്നു. മനുഷ്യസൃഷ്ടികളെ വഞ്ചിക്കുകയും അവർക്കു നിത്യനാശത്തിന്റെ വിഷം കൊടുക്കുകയും ചെയ്യുന്നതു നിർത്തുക.✠ സഭയെ ദ്രോഹിക്കുവാനും അതിന്റെ സ്വാതന്ത്ര്യത്തെ തടയുവാനും ചെയ്യുന്ന പരിശ്രമങ്ങളെ വെടിയുക ✠ സകല വഞ്ചനകളും നിർമ്മിക്കുന്നവനും പഠിപ്പിക്കുന്നവനുമായ സാത്താനേ, മനുഷ്യരക്ഷയുടെ വിരോധി, നീ പുറത്തുപോകുക✠ നിന്റെ ദുഷ്ടപ്രവൃത്തികളുടെ ലാഞ്ചനപോലുമില്ലാത്ത മിശിഹായ്ക്കായി നീ സ്ഥലം ഒഴിഞ്ഞു കൊടുക്കുക ✠ മിശിഹാ വിലതീരാത്ത തന്റെ രക്തം കൊടുത്തു സമ്പാദിച്ച ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹീകവുമായ തിരുസഭയ്ക്കു സ്ഥലം നൽകുക ✠ദൈവത്തിന്റെ സർവ്വശക്തമായ കരങ്ങൾക്കു നീ കീഴ്പ്പെടുക ✠ ഞങ്ങൾ ഉച്ചരിച്ച ഈശോയുടെ വിശുദ്ധവും ഭയജനകവുമായ തിരുനാമത്തെ ഭയപ്പെട്ട് ഓടുക ✠ ഈ നാമം നരകത്തെ വിറകൊള്ളിക്കുന്നു. ഈ നാമത്തിനു ശക്തിമാന്മാരും അധികാരികളും ഭരണകർത്താക്കളുമായ മാലാഖമാർ വിനീതമായി കീഴ്പ്പെടുന്നു. ഈ നാമത്തെ ക്രോവേന്മാരും, സ്രാപ്പേന്മാരും, "സൈന്യങ്ങളുടെ ദൈവമായ കർത്താവു പരിശുദ്ധനാകുന്നു. പരിശുദ്ധനാകുന്നു, പരിശുദ്ധനാകുന്നു.' എന്നു ചൊല്ലി അനവരതം സ്തുതിക്കുന്നു.

**മു.** കർത്താവേ എന്റെ പ്രാർത്ഥന കേൾക്കണമേ.
**സ.** എന്റെ നിലവിളി അങ്ങേ തിരുമുമ്പിൽ എത്തട്ടെ.
**മു.** കർത്താവു നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ
**സ.** നമ്മുടെ ആത്മാവോടുകൂടെയും.

## നമുക്ക് പ്രാർത്ഥിക്കാം.

സ്വർഗ്ഗത്തിന്റെ ദൈവമേ, ഭൂമിയുടെ ദൈവമേ, മാലാഖമാരുടെ ദൈവമേ, പ്രധാന മാലാഖമാരുടെ ദൈവമേ, ഗോത്രപിതാക്കന്മാരുടെ ദൈവമേ, ദീർഘദർശികളുടെ ദൈവമേ, ശ്ലീഹന്മാരുടെ ദൈവമേ, രക്തസാക്ഷികളുടെ ദൈവമേ, വന്ദകന്മാരുടെ ദൈവമേ, കന്യകകളുടെ ദൈവമേ, മരണത്തിനു ശേഷം ജീവനും അധ്വാനത്തിനു ശേഷം വിശ്രമവും നൽകുവാൻ ശക്തിയുള്ള ദൈവമേ, കാണാവുന്നതും കാണപ്പെടാത്തതുമായ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവേ, നിന്റെ ഭരണത്തിന് അവസാനമില്ല, നീയല്ലാതെ വേറൊരു ദൈവമില്ല. വേറൊരു ദൈവം ഉണ്ടാകുവാനും പാടില്ല. നിന്റെ മഹിമയേറിയ പ്രതാപത്തിന്റെ മുമ്പാകെ ഞങ്ങൾ എളിമയോടെ സാഷ്ടാംഗം ആരാധിക്കുന്നു. നരക പിശാചുക്കളുടെ കരങ്ങളിൽ നിന്നും അവരുടെ എല്ലാ കെണികളിൽ നിന്നും വഞ്ചനകളിൽ നിന്നും ദുഷ്ടതകളിൽ നിന്നും ബലമേറിയ നിന്റെ കൈകൾ

കൊണ്ടു ഞങ്ങൾ രക്ഷപ്പെടുവാനും യാതൊരാപത്തും കൂടാതെ ഞങ്ങളെ കാക്കുവാനും കരുണയുണ്ടാകണ മെന്ന് ഞങ്ങളുടെ കർത്താവായ ഈശോമിശിഹായെ ക്കുറിച്ച് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

പിശാചിന്റെ കെണികളിൽ കർത്താവേ ഞങ്ങളെ രക്ഷിക്കണമേ.

തിരുസ്സഭ സുരക്ഷിതമായ സ്വാതന്ത്ര്യത്തോടെ നിന്നെ സേവിക്കുന്നതിനായി - കർത്താവേ, നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. തിരുസ്സഭയുടെ എല്ലാ ശത്രുക്കളേയും കീഴ്പ്പെടുത്തണമെന്ന് കർത്താവേ,നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു.

*(അവസാനം ഹന്നാൻ വെള്ളം തളിക്കണം)*

(ഇത് സാധാരണ ചൊല്ലുന്നത് വളരെ ഉപകാര പ്രദമാണ് പിശാചിന്റെ ഉപദ്രവമുണ്ടെന്ന് ന്യായമായി സംശയമുള്ളപ്പോൾ പ്രത്യേകം ഗുണകരമായിരിക്കും. കുടുംബാംഗങ്ങൾ കൃപയിൽ ആയി രിക്കുവാനും കൂദാശ സ്വീകരിക്കുവാനും ശ്രദ്ധിക്കണം.)

## മാതാവ് പഠിപ്പിച്ച ഫലപ്രദമായ

മഹത്വപൂർണ്ണയായ സ്വർഗ്ഗരാജ്ഞി, മാലാഖമാരുടെ നാഥേ, പിശാചിന്റെ തല തകർക്കുവാനുള്ള ശക്തി അങ്ങേ യ്ക്കുണ്ട്. ദൈവത്തിൽ നിന്ന് അതിനുള്ള കല്പനയും അങ്ങേയ്ക്കുണ്ടല്ലോ. ആകയാൽ അങ്ങയുടെ സ്വർഗ്ഗീയ

ദൂതഗണങ്ങളെ ഞങ്ങളുടെ സഹായത്തിന് അയയ്ക്കണ മെന്നു ഞങ്ങൾ വിനയപൂർവ്വം അപേക്ഷിക്കുന്നു. അവർ അങ്ങയുടെ കല്പനയനുസരിച്ചും, അങ്ങയുടെ ശക്തിയാലും, നാരകീയ ശക്തികളെ പിന്തുടർന്ന് തോൽപിച്ച് നരകാഗ്നിയിൽ തള്ളട്ടെ ദൈവത്തെപ്പോലെ ആരുണ്ട്? മാലാഖമാരെ, മുഖ്യദൂതന്മാരെ ഞങ്ങളെ കാത്തു രക്ഷിക്കണമെ. കരുണയുള്ള നല്ല അമ്മേ, അങ്ങാണ് ഞങ്ങളുടെ സ്നേഹവും ഞങ്ങളുടെ പ്രത്യാശയും ദൈവമാതാവേ, അങ്ങയുടെ മാലാഖമാരെ അയച്ച് ഞങ്ങളെ ദുഷ്ടാരൂപികളിൽ നിന്നു കാത്തുകൊള്ളണമെ. ആമ്മേൻ.

*("മരിയ ദാസികൾ' എന്ന സന്യാസ സഭയുടെ സ്ഥാപകനായ ഫാദർ ലൂയി എഡ്വേർഡ് സ്റ്റാളിന് പരിശുദ്ധ അമ്മ പറഞ്ഞു കൊടുത്ത പ്രാർത്ഥനയാണിത്. ഈ പ്രാർത്ഥന അച്ചടിച്ചപ്പോൾ മൂന്നു പ്രാവശ്യം അച്ചടിയന്ത്രം പൊട്ടിത്തെറിച്ചുപോയി എന്നതാണ് ഏറ്റവും വിചിത്രമായ സംഭവം 1908-ൽ വി. പത്താം പിയുസ്സ് പാപ്പ ഈ പ്രാർത്ഥനയ്ക്ക് ദണ്ഡവിമോചനം നൽകുകയുണ്ടായി.)*

## St. Patrick's Breastplate Prayer

ശക്തിപ്രാഭവമുള്ള ത്രിത്വസ്തുതിയിലൂടെ,
ത്രിത്വത്തിലുള്ള വിശ്വാസത്തിലൂടെ,

പ്രപഞ്ചസൃഷ്ടികളുടെ സ്രഷ്ടാവിന്റെ
ഏകത്വത്തിലുള്ള ഏറ്റുപറച്ചിലിലൂടെ
ഞാൻ ഇന്ന് ഉണരുന്നു.

ക്രിസ്തുവിന്റെ ജനനത്തോടൊപ്പം
അവിടുത്തെ ജ്ഞാനസ്നാനത്തിന്റെയും
ശക്തിയിലൂടെ,
അവിടുത്തെ ക്രൂശീകരണത്തോടൊപ്പം
അവിടുത്തെ സംസ്ക്കാരത്തിന്റേയും
ശക്തിയിലൂടെ,
അവിടുത്തെ ഉയിർപ്പിനോടൊപ്പം
അവിടുത്തെ സ്വർഗ്ഗാരോഹണത്തിന്റെയും
ശക്തിയിലൂടെ,
അന്ത്യവിധി നിർണ്ണയിക്കുവാനുള്ള
അവിടുത്തെ ആഗമനത്തിന്റെ ശക്തിയിലൂടെ
ഞാൻ ഇന്ന് ഉണരുന്നു.
കെരൂബുകളുടെ സ്നേഹത്തിന്റെ
ശക്തിയിലൂടെ
ദൈവദൂതന്മാരുടെ അനുസരണത്തിൽ,
മുഖ്യദൂതന്മാരുടെ ശുശ്രൂഷയിൽ
പുനരുത്ഥാനത്തിൽ ലഭിക്കുന്ന പ്രതിഫലത്തിന്റെ
പ്രത്യാശയിൽ,

പൂർവ്വപിതാക്കന്മാരുടെ പ്രാർത്ഥനകളിൽ
ദീർഘദർശികളുടെ പ്രവചനങ്ങളിൽ,
അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളിൽ,
പുരോഹിതന്മാരുടെ വിശ്വാസത്തിൽ,
പരിശുദ്ധ കന്യകകളുടെ നിഷ്കളങ്കതയിൽ,
നീതിമാന്മാരുടെ പ്രവൃത്തികളിൽ
ഞാൻ ഇന്ന് ഉണരുന്നു.
സ്വർഗ്ഗത്തിന്റെ ശക്തിയിലൂടെ
സൂര്യന്റെ തേജസ്സിലൂടെ
ചന്ദ്രന്റെ ശോഭയിലൂടെ
അഗ്നിയുടെ പ്രതാപത്തിലൂടെ
മിന്നലിന്റെ വേഗതയിലൂടെ
കാറ്റിന്റെ ശീഘ്രതയിലൂടെ
കടലിന്റെ ആഴത്തിലൂടെ
ഭൂമിയുടെ സ്ഥിരതയിലൂടെ
പാറയുടെ ദാർഢ്യത്തിലൂടെ
ഞാൻ ഇന്ന് ഉണരുന്നു.
ഇന്ന് ഞാൻ ഉണരുമ്പോൾ
ദൈവബലം എന്നെ മുന്നോട്ടു നയിക്കട്ടെ.
ദൈവശക്തി എന്നെ താങ്ങിനിറുത്തട്ടെ,

ദൈവജ്ഞാനം എനിക്ക് മാർഗ്ഗദർശിയാകട്ടെ,
ദൈവത്തിന്റെ കണ്ണ് എനിക്ക് മുമ്പിൽ ദൃഷ്ടി പതിപ്പിക്കട്ടെ,
ദൈവത്തിന്റെ കാത് എന്നെ ശ്രവിക്കട്ടെ,
ദൈവത്തിന്റെ വചനം എനിക്കായി സംസാരിക്കട്ടെ.
ദൈവകരം എന്നെ പരിപാലിക്കട്ടെ,
ദൈവത്തിന്റെ മാർഗ്ഗം എനിക്ക് മുമ്പിൽ കാണപ്പെടട്ടെ,
ദൈവത്തിന്റെ പരിച എന്നെ പ്രതിരോധിക്കട്ടെ,
ദൈവത്തിന്റെ സൈന്യം എന്നെ സംരക്ഷിക്കട്ടെ,
പിശാചിന്റെ കെണികൾക്കെതിരായി
പ്രലോഭനങ്ങൾക്കും ദുർമാർഗ്ഗങ്ങൾക്കുമെതിരായി
പ്രകൃതിശക്തികളുടെ പ്രവണതകൾക്കെതിരായി
എന്റെ ദുരിതം ഇച്ഛിക്കുന്ന എല്ലാവർക്കുമെതിരായി,
അകലെയായിരിക്കുമ്പോഴും അടുത്തായിരിക്കുമ്പോഴും,
തനിച്ചായിരിക്കുമ്പോഴും കൂട്ടത്തിലായിരിക്കുമ്പോഴും
എനിക്കും ഈ ദുഷ്പ്രവൃത്തികൾക്കും മദ്ധ്യേ ഉള്ള
എല്ലാ ദുഷ്ടശക്തികളോടും
എന്നെ വിട്ടുപോകുവാൻ ഞാൻ കൽപ്പിക്കുന്നു.
എന്റെ ശരീരത്തേയും മനസ്സിനേയും ആക്രമിക്കുന്ന
എല്ലാ നിർദ്ദയമായ ക്രൂരശക്തികൾക്കെതിരായി.

വ്യാജപ്രവാചകന്മാരുടെ മന്ത്രപ്രയോഗങ്ങൾ
ക്കെതിരായി,
വിജാതിയരുടെദുഷ്ടചട്ടങ്ങൾക്കെതിരായി
ദൈവനിഷേധികളുടെ തെറ്റായ നിയമങ്ങൾ
ക്കെതിരായി
വിഗ്രഹാരാധനയുടെ കൗടില്യത്തിനെതിരായി
മന്ത്രവാദികളുടേയും ക്ഷുദ്രക്കാരുടേയും
ആഭിചാരത്തിനെതിരായി,
മനുഷ്യന്റെ ശരീരത്തേയും മനസ്സിനേയും
ദുഷിപ്പിക്കുന്ന എല്ലാ അറിവിനുമെതിരായി.
വിഷത്തിനും അഗ്നിബാധയ്ക്കും
മുങ്ങലിനും ക്ഷതത്തിനുമെതിരായി
ക്രിസ്തു ഇന്ന് എന്നെ സംരക്ഷിക്കട്ടെ.
അങ്ങനെ പ്രതിഫലങ്ങളുടെ ഒരു സമൃദ്ധി
എനിക്ക് കൈവരട്ടെ.
ക്രിസ്തു എന്നോടൊപ്പം, ക്രിസ്തു എന്റെ
മുമ്പിൽ ക്രിസ്തു എന്റെ പിന്നിൽ
ക്രിസ്തു എന്റെ ഉള്ളിൽ, ക്രിസ്തു എന്റെ
താഴെ ക്രിസ്തു എന്റെ മുകളിൽ,
ക്രിസ്തു എന്റെ വലത്ത് ക്രിസ്തു എന്റെ ഇടത്ത്

ഞാൻ കിടക്കുമ്പോൾ ക്രിസ്തു
ഞാൻ ഇരിക്കുമ്പോൾ ക്രിസ്തു
ഞാൻ നിൽക്കുമ്പോൾ ക്രിസ്തു
എന്നെപ്പറ്റി ചിന്തിക്കുന്നവരുടെയെല്ലാം
ഹൃദയത്തിൽ ക്രിസ്തു
എന്നെപ്പറ്റി സംസാരിക്കുന്നവരുടെയെല്ലാം
അധരത്തിൽ ക്രിസ്തു
എന്നെ കാണുന്ന എല്ലാ കണ്ണുകളിലും ക്രിസ്തു
എന്നെ ശ്രവിക്കുന്ന എല്ലാ കാതുകളിലും ക്രിസ്തു
ശക്തി പ്രാഭവമുള്ള ത്രിത്വസ്തുതിയിലൂടെ,
ത്രിത്വത്തിലുള്ള വിശ്വാസത്തിലൂടെ,
പ്രപഞ്ചസൃഷ്ടികളുടെ സൃഷ്ടാവിന്റെ
ഏകത്വത്തിലുള്ള ഏറ്റുപറച്ചിലിലൂടെ
ഞാൻ ഇന്ന് ഉണരുന്നു.

രക്ഷ കർത്താവിന്റേതാണ്.
രക്ഷ കർത്താവിന്റേതാണ്.
രക്ഷ ക്രിസ്തുവിന്റേതാണ്
കർത്താവേ അങ്ങയുടെ രക്ഷ എപ്പോഴും
ഞങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ.

ആമ്മേൻ

# വിടുതൽ –സൗഖ്യ– സംരക്ഷണാഭിഷേക തിരുരക്ത പ്രാർത്ഥന

ഈശോയെ, അങ്ങയുടെ തിരുക്കുരിശിൻ ചുവട്ടിൽ എന്നേയും എന്റെ കുടുംബത്തേയും കുടുംബാംഗങ്ങളേയും പൂർവ്വികർ, തലമുറ, തറവാട്, മാതാപിതാക്കൾ, സഹോദരീ സഹോദരന്മാർ, ജീവിതപങ്കാളികൾ, മക്കൾ, ബന്ധുക്കൾ, സ്നേഹിതർ, ഉപകാരികൾ, അയൽപക്കക്കാർ, ശത്രുക്കൾ, മിത്രങ്ങൾ, ഇന്നുവരെ ഞങ്ങളുമായി ഇടപഴകിയിട്ടുള്ള വർ......സകലരേയും സമർപ്പിക്കുന്നു. അങ്ങയുടെ തിരു ശരീരത്തിൽനിന്ന് ഇറ്റിറ്റുവീണുകൊണ്ടിരിക്കുന്ന വിടുത ലിന്റെ ശക്തിയുള്ള തിരുരക്തം ഓരോരുത്തരുടേയും ശിരസ്സു മുതൽ ഉള്ളംകാൽ വരെ ഒഴുക്ക് ഈശോയെ...... ഒഴുക്കാതെ പറ്റില്ല ഈശോയെ, അങ്ങേയ്ക്കു മാത്രമേ എന്നേയും എല്ലാവരേയും രക്ഷിക്കാൻ കഴിയൂ. അങ്ങു മാത്രമാണ് ഞങ്ങളുടെ രക്ഷകൻ എന്നു ഞാൻ ഏറ്റു പറയുന്നു, വിശ്വസിക്കുന്നു. പ്രഖ്യാപിക്കുന്നു.

ഈശോയെ, ഞങ്ങളുടെ പറമ്പ്, നാല് അതിരുകൾ, പതിനാറ് കോണുകൾ, ഭവനത്തിനകത്തും പുറത്തുമുള്ള സ്ഥലങ്ങൾ, ഉപയോഗവസ്തുക്കൾ, പക്ഷിമൃഗാദികൾ, വൃക്ഷലതാദികൾ എന്നിങ്ങനെ ഞങ്ങൾക്കുള്ള എല്ലാ

സ്ഥലങ്ങളേയും വസ്തുവകകളേയും കുരിശിൻ ചുവട്ടിൽത്തന്നെ സമർപ്പിക്കട്ടെ. ഞങ്ങൾക്ക് സ്വന്തമായി ലഭിച്ചിട്ടുള്ള ഭൂമിയിൽ ഇന്നോളം നടന്നു നീങ്ങിയ വ്യക്തികളിലൂടെ കടന്നുവന്ന വസ്തു ക്കളിലൂടെ പല വിധത്തിൽ അശുദ്ധമാക്കപ്പെട്ട ഈ സ്ഥലത്തേയും അന്തരീക്ഷത്തേയും, വിശു ദ്ധീകരിക്കുന്ന അഗ്നിയായ പരിശുദ്ധാത്മാവേ, സമർപ്പിക്കുന്നു.

ഏകദൈവവിശ്വാസത്തിനു നിരക്കാത്ത വിഗ്രഹാരാധനകൾ, ആചാരാനുഷ്ഠാനങ്ങൾ, അന്ധവിശ്വാസങ്ങൾ, പൂജാവിധികൾ, അബദ്ധ സിദ്ധാന്തങ്ങൾ, പാവപ്പെട്ടവരുടെ വേദനയുടെ കണ്ണീർ, പിടിച്ചുപറിയ്ക്കലിലൂടേയോ തട്ടിയെടുക്കലിലൂടേയോ ഈ ഭൂമി സ്വന്തമാക്കിയ അവസ്ഥ, ജഢികപാപാവസ്ഥകൾ, ആത്മഹത്യ, ഭ്രൂണഹത്യ, കൊലപാതകം, മറ്റു മാരകപാപങ്ങൾ തുടങ്ങിയവയിലൂടെ ദൈവസാന്നിധ്യത്തിന് തടസ്സം സൃഷ്ടിച്ചിരിക്കുന്ന സാഹചര്യങ്ങളെ തിരുരക്താഭിഷേകത്തിലൂടെ വിടുതൽ നൽകി അനുഗ്രഹിക്ക് ഈശോയെ. സകലതിലും സകലരിലും നിലനിൽക്കുന്ന തിന്മ അന്ധകാര- നാരകീയ പൈശാചിക - സാത്താൻ ശക്തികളെ, തിന്മശക്തികളെ കത്തിച്ച് ചാമ്പലാക്കി, ബന്ധനങ്ങളും കെട്ടുകളുമഴിച്ച് വിടുതൽ നൽകി, ദൈവീകശക്തിയും അഭിഷേകവും സൗഖ്യവും

പ്രദാനം ചെയ്ത്, ദൈവമക്കളുടെ സ്വാതന്ത്ര്യം അനുഭ വിക്കാനുള്ള കൃപ നൽകുന്ന തിരുരക്തം ഒഴുക്ക് ഈശോയെ....

മത്തായി 4:10, യേശുവിന്റെ അതിശക്തവചനം, യേശു കല്പിച്ചു- "സാത്താനേ, ദൂരെ പോവുക" എന്ന വചന ശക്തിയാൽ നരകസർപ്പമേ.... നിന്നോട് ഞാൻ കൽപ്പിക്കുന്നു, കുരിശിൻചുവട്ടിലേക്കു പോവുക. നിത്യപാതാളത്തിലേക്കു പോവുക; നിനക്കിനി ഞങ്ങളുടെ മേൽ ഒരധികാരവുമില്ല. ഒരാധിപത്യവുമില്ല. ഈശോയാണ് ഞങ്ങളുടെ നാഥനെന്ന് ഞാൻ ഏറ്റുപറയുന്നു, പ്രഖ്യാപിക്കുന്നു.

അപ്പാ, ഈശോയെ, പരിശുദ്ധാത്മാവേ, പരി. അമ്മേ, നിങ്ങളുടെ ജീവനുള്ള തിരുസാന്നിധ്യം വ്യക്തിപരമായി ആഴത്തിൽ അനുഭവിച്ചറിയാനുള്ള കൃപ എനിക്കും ഓരോരുത്തർക്കും നൽകണമേ.

ആബാ പിതാവേ, അങ്ങയുടെ സ്നേഹസാന്നിധ്യക്കോട്ട, ഈശോയേ, അങ്ങയുടെ തിരുരക്തക്കോട്ട, പരിശുദ്ധാത്മാ വിന്റെ അഗ്നിക്കോട്ട, പരി.അമ്മയുടെ ജപമാലക്കോട്ട, വിശുദ്ധ ദൂതന്മാരുടെ സംരക്ഷണക്കോട്ട, വിശുദ്ധാത്മാ ക്കളുടെ സുകൃതജീവിതശക്തിക്കോട്ട എനിക്കും എന്റെ കുടുംബാംഗങ്ങൾക്കും. പ്രിയപ്പെട്ടവർക്കും, പ്രിയപ്പെട്ട എല്ലാറ്റിനും വേണ്ടി കെട്ടിയൊരുക്കണമേ. സ്ഥലങ്ങളിൽ

നിന്നും, വ്യക്തികളിൽനിന്നും, വസ്തുക്കളിൽനിന്നും കടന്നുവരുന്ന എല്ലാ തിന്മസാന്നിധ്യങ്ങളിൽനിന്നും ഞങ്ങൾ സംരക്ഷിക്കപ്പെടുവാൻ അങ്ങയുടെ വിശുദ്ധ കോട്ടകൾ ക്കുള്ളിൽ ഞങ്ങൾക്ക് അഭയം നൽകണമേ

പരി. അമ്മേ വിളിച്ചാൽ വിളിപ്പുറത്തെത്തുന്ന മാതാവേ എന്റെ പ്രിയപ്പെട്ട അമ്മേ, നരകസർപ്പത്തിന്റെ തല തകർക്കാൻ സ്വർഗ്ഗം അമ്മയ്ക്ക് തന്നിരിക്കുന്ന അധികാരമു പയോഗിച്ച് ഞങ്ങളെ കീഴടക്കിയിരിക്കുന്ന ദുഷ്ടശക്തിക ളേയും, ദുർഭൂതങ്ങളേയും അമ്മയുടെ കാൽക്കീഴിലാക്കി തകർത്തുകളയണമേ.

ഈ ആത്മീയ അനുഭവങ്ങൾ ലഭിക്കാനായി പ്രാർത്ഥി ച്ചപ്പോൾ സ്വർഗ്ഗത്തിൽനിന്നും തേരിറങ്ങി പ്രാർത്ഥനകൾക്ക് ഉത്തരം നൽകിക്കഴിഞ്ഞ ത്രിത്വൈകദൈവമേ നന്ദി..... ആരാധന..... മഹത്വം.

*(കുറച്ചു സമയം സ്വതന്ത്രമായി സ്തുതിക്കുക)*

NB : ഭൗമികജീവിതം സുഖപ്രദമാക്കാൻ ആവശ്യമായ ലൗകികാനുഗ്രഹങ്ങൾ നേടിയെടുക്കാനുള്ള ഒരു പ്രാർത്ഥന യല്ല ഇത്. ആത്മീയകൃപകൾ ലഭിക്കാനും സ്വർഗ്ഗീയരുടെ ജീവനുള്ള തിരുസാന്നിധ്യം ആഴത്തിൽ അനുഭവിച്ചറിയാനും സഹായിക്കുന്ന മഹാശക്തിയുള്ള പ്രാർത്ഥന!

## ബന്ധന വചനങ്ങൾ

**2 മക്ക 8:18**

"അവർ ആയുധത്തിലും സാഹസകൃത്യങ്ങളിലും ആശ്രയിക്കുന്നു. നമുക്കെതിരെ വരുന്ന ശത്രുക്കളേയും ലോകം മുഴുവനെത്തന്നെയും അംഗുലീചലനം കൊണ്ടു തറപറ്റിക്കാൻ കഴിയുന്ന സർവ്വശക്തനായ ദൈവത്തിലാണു നമ്മുടെ പ്രത്യാശ."

**സഖ. 3:2**

"കർത്താവു സാത്താനോടു പറഞ്ഞു സാത്താനേ, കർത്താവു നിന്നെ ശാസിക്കുന്നു. ജറുസലെമിനെ തിരഞ്ഞെടുത്തിരിക്കുന്ന കർത്താവു നിന്നെ ശാസിക്കുന്നു."

**ഒബാ. 1:4**

"നീ കഴുകനെപ്പോലെ ഉയർന്നു പറന്നാലും നക്ഷത്രങ്ങളുടെ ഇടയിൽ കൂടുകൂട്ടിയാലും അവി ടെനിന്ന് നിന്നെ ഞാൻ താഴെയിറക്കും- കർത്താവു അരുളിച്ചെയ്യുന്നു."

**ഏശ . 54:17**

"കർത്താവു അരുളിച്ചെയ്യുന്നു. നിന്നെ ഉപദ്രവിക്കാനുണ്ടാക്കിയ ഒരായുധവും ഫലപ്രദമാവുകയില്ല. നിനക്കെതിരെ വിധി പ്രസ്താവിക്കുന്ന എല്ലാ നാവുകളേയും നീ ഖണ്ഡിക്കും. കർത്താവിന്റെ ദാസരുടെ പൈതൃകവും എന്റെ നീതി നടത്തലുമാണിത്."

**നിയമ 28:7**

"നിനക്കെതിരെ വരുന്ന ശത്രുക്കളെ നിന്റെ മുമ്പിൽ വച്ച് കർത്താവ് തോൽപ്പിക്കും. നിനക്കെതിരായി അവർ ഒരു വഴിയിലൂടെ വരും. ഏഴു വഴിയിലൂടെ പാലായനം ചെയ്യും."

**പുറ. 23:27**

"നീ ചെന്നെത്തും മുൻപേ നിനക്ക് ഏറ്റുമുട്ടേണ്ടി വരുന്ന ജനങ്ങൾ എന്നെ ഭയപ്പെടുന്നതിനു ഞാൻ ഇടയാക്കും. അവരിൽ സംഭ്രമം ജനിപ്പിക്കും. നിന്റെ ശത്രുക്കൾ പിന്തിരിഞ്ഞോടും."

**മത്താ. 4/10:11**

യേശു കല്പിച്ചു, "സാത്താനെ ദൂരെപ്പോവുക, എന്തെന്നാൽ നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം. അവിടുത്തെ മാത്രമേ പൂജിക്കാവു എന്ന് എഴുതപ്പെട്ടിരിക്കുന്നു. അപ്പോൾ പിശാച് അവനെ വിട്ടുപോയി. ദൈവദൂതന്മാർ അടുത്തുവന്ന് അവനെ ശുശ്രൂഷിച്ചു."

**മർക്കോ. 16 – 17:18**

"വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും. അവർ എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിക്കും. പുതിയ ഭാഷകൾ സംസാരിക്കും. അവർ സർപ്പങ്ങളെ കൈയിലെടുക്കും. മാരകമായ എന്തു

കുടിച്ചാലും അത് അവരെ ഉപദ്രവിക്കുകയില്ല. അവർ രോഗികളുടെ മേൽ കൈകൾ വയ്ക്കും. അവർ സുഖം പ്രാപിക്കു കയും ചെയ്യും."

**ലൂക്കാ 9:1**

"അവൻ പന്ത്രണ്ടുപേരേയും വിളിച്ച് സകല പിശാചു ക്കളുടേയുംമേൽ അവർക്ക് അധികാരവും ശക്തിയും കൊടുത്തു; അതോടൊപ്പം രോഗങ്ങൾ സുഖപ്പെടുത്താനും

**കൊളോ. 2:15**

"ആധിപത്യങ്ങളേയും അധികാരങ്ങളേയും അവൻ നിരായുധമാക്കി. അവൻ കുരിശിൽ അവയുടെമേൽ വിജയം ആഘോഷിച്ചുകൊണ്ട് അവയെ പരസ്യമായി അവഹേളനാപാത്രങ്ങളാക്കി."

**വെളി. 20:2**

"അവൻ ഉഗ്രസർപ്പത്തെ - സാത്താനും പിശാചുമായ പുരാതനസർപ്പത്തെ പിടിച്ച് ആയിരം വർഷത്തേക്കു ബന്ധനത്തിലാക്കി. അതിനെ പാതാളത്തിലേയ്ക്കെറിഞ്ഞ് വാതിൽ അടച്ചു മുദ്രവച്ചു. ആയിരം വർഷം തികയുവോളം ജനതകളെ അവൻ വഞ്ചിക്കാതിരിക്കുന്നതിനു വേണ്ടിയാണിത്."

**വെളി 20:9**

"അവർ ഭൂതലത്തിൽ കയറിവന്ന് വിശുദ്ധരുടെ പാള

യവും പ്രിയപ്പെട്ട പട്ടണവും വളഞ്ഞു. എന്നാൽ സ്വർഗ്ഗ ത്തിൽ നിന്ന് അഗ്നിയിറങ്ങി അവരെ വിഴുങ്ങി."

## വി.ജെത്രൂദിന്റെ പ്രാർത്ഥന

(നമ്മുടെ കർത്താവ് ഈശോ മിശിഹാ വി.ജെത്രൂദിനോടു പറഞ്ഞു , താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥന ഓരോ പ്രാവശ്യം ചൊല്ലുമ്പോഴും ആയിരം ആത്മാക്കൾ ശുദ്ധീകര സ്ഥലത്തുനിന്നു മോചിതരാകുന്നു എന്ന്. ആകയാൽ താങ്കളും ഹൃദിസ്ഥമാക്കി ആവർത്തിക്കുക)

**"നിത്യതനായ ദൈവമേ! ഈ ദിവസം അർപ്പിക്കപ്പെടുന്ന എല്ലാ ബലികളോടും ചേർത്ത് പ്രിയപുത്രനായ ഈശോ മിശിഹായുടെ തിരുരക്തം ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കൾക്കായും ലോകമെങ്ങുമുള്ള പാപികൾക്കായും സഭയിലുള്ള പാപികൾക്കായും എന്റെ ഭവനത്തിലെയും എന്റെ കുടുംബത്തിലെയും പാപികൾക്കായും ഞാൻ സമർപ്പിക്കുന്നു. ആമേൻ.**

## വി. യാക്കോബ് ശ്ലീഹായോടുള്ള പ്രാർത്ഥന

സെബദീപുത്രന്മാരിൽ ഒരുവനും, കർത്താവായ യേശുവിന്റെ ബന്ധുവും ഇടിമുഴക്കത്തിന്റെ പുത്രൻ എന്ന് അറിയപ്പെടുന്നവനുമായ വി. യാക്കോബ് ശ്ലീഹായേ അങ്ങ് ദിവ്യഗുരുവായ യേശുവിന്റെ സത്യപ്രബോധനം വഴിയായി

സ്പെയിൻ രാജ്യത്തെ ക്രൈസ്തവ രാജ്യമാക്കിയല്ലോ. ക്രൂശിതന് സാക്ഷ്യം വഹിക്കാൻ ഹേറോദ് അഗ്രിപ്പായുടെ നിഷ്ഠൂര വാളിന്റെ മുമ്പിൽ സധൈര്യം കഴുത്ത് കാണിച്ച് ശിരച്ഛേദം വഴിയായി രക്തസാക്ഷി മകുടം ചൂടിയ അപ്പസ്തോലപ്രമുഖനെ, പാപികളും ബലഹീനരും, ക്ലേശിതരും, പീഡിതരുമായ ഞങ്ങളെ സഹായിക്കണമെ. ശത്രുക്കളുമായുള്ള ഘോരയുദ്ധത്തിൽ വലിയ പരാജയഭീതിയോടെ തങ്ങളുടെ അപ്പസ്തോലനായ അങ്ങയുടെ മാദ്ധ്യസ്ഥം യാചിച്ച സ്പെയിൻ രാജ്യത്തെ ശത്രുകരങ്ങളിൽ നിന്നും രക്ഷിക്കാൻ വെള്ളക്കുതിരപ്പുറത്ത് വെള്ളിടിത്തീപോലെ ജ്വലിക്കുന്ന വാളുമേന്തി സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്ന് അങ്ങ് പടപൊരുതിയല്ലോ. റപ്പായേൽ മാലാഖയും സ്വർഗ്ഗീയ സൈന്യങ്ങളും അങ്ങയോട് ചേർന്ന് യുദ്ധം ചെയ്യുകയും ശത്രുക്കളെ നിഷ്കരുണം വധിച്ച് വലിയ വിജയം നേടിക്കൊടുക്കുകയും ചെയ്തുവല്ലോ. അസ്മോദേവൂസ് എന്ന ദുഷ്ടപിശാചിൽ നിന്നും സാറായേയും തോബിയാസിനേയും രക്ഷിച്ച റപ്പായേൽ മാലാഖയോട് ചേർന്ന് ജിൻ എന്ന ദുഷ്ടശക്തിയിൽ നിന്നും അവന്റെ ദുഷ്ടരായ ദൂതന്മാരിൽ നിന്നും എന്നെയും എന്റെ കുടുംബാംഗങ്ങളെയും രക്ഷിക്കണമേ. ഗുരുവും കർത്താവുമായ യേശുക്രിസ്തു

വിന്റെ സ്വർഗ്ഗീയ മഹത്വത്തിൽ അവന്റെ വലതുഭാഗത്താ യിരിക്കാൻ അഭിലഷിച്ച അങ്ങേയ്ക്ക് സ്വർഗ്ഗത്തിൽ ലഭി ച്ചിരിക്കുന്ന ഉന്നതമായ മഹത്വത്തിൽ നിന്നും അങ്ങേ മാദ്ധ്യസ്ഥം യാചിക്കുന്ന ഞങ്ങളെ സഹായിക്കണമെ.

നിത്യസൗഭാഗ്യത്തിന്റെ ഉറവിടവും അനുഗ്രഹത്തിന്റെ നീർച്ചാലുമായ ദൈവമേ, അവിടുത്തെ പ്രിയസുതനായ യേശുക്രിസ്തുവഴി മാനവകുലത്തിന് നൽകിയ രക്ഷ യുടെ ഫലങ്ങൾ വി. യാക്കോബ് ശ്ലീഹായുടെ മദ്ധ്യസ്ഥത യാൽ ഞങ്ങളിൽ വർഷിക്കുന്നതിന് അങ്ങേയ്ക്ക് നന്ദിപ റയുന്നു. വിശുദ്ധന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയിൽ ദുഷ്ടാ രൂപികളും അവയുടെ അധീശന്മാർ വഴിയും നടത്തുന്ന മന്ത്രവാദം ക്ഷുദ്രപ്രയോഗം എന്നിവയുടെ ബന്ധനങ്ങളിൽ നിന്നും ഞങ്ങൾ സംരക്ഷിക്കപ്പെടട്ടെ. ആത്മീയവും, മാന സികവും, ഭൗതികവുമായ, നന്മകളാലും സ്വർഗ്ഗീയ അനു ഭവങ്ങളാലും ഞങ്ങൾ സമ്പന്നരായിത്തീരട്ടെ. എല്ലാവിധ രോഗങ്ങളിൽ നിന്നും കൃഷിനാശത്തിൽ നിന്നും ഞങ്ങൾ സംരക്ഷിതരായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും

ആമ്മേൻ.

## വിശുദ്ധ കുരിശിന്റെ പ്രാർത്ഥന

ഓ! വിശുദ്ധ കുരിശേ ✠ എന്റെ രക്ഷയുടെ അട

യാളമേ. ഓ! വിശുദ്ധ കുരിശേ ✠ എന്റെ ദൈവ സ്നേഹ ത്തിന്റെ അടയാളമേ. ഓ വിശുദ്ധ കുരിശേ ✠ എന്റെ ജീവന്റെ പ്രകാശമേ. ഓ! വിശുദ്ധ കുരിശേ ✠ എന്റെ പാപ ഭാരം ചുമന്ന പാനപാത്രമേ. ഓ! വിശുദ്ധ കുരിശേ ✠ എന്റെ ജീവിതം മുഴുവൻ മുദ്രിതമായ അടയാളമേ. മാനവ ലോക ത്തിന്റെ മുഴുവൻ പാപവും ചുമന്ന ഈശോയുടെ വിശുദ്ധ കുരിശിനെ ഞാൻ  ഭക്തിയോടെ സ്മരിക്കുന്നു. തിന്മ ഭയ ന്നോടുന്ന വിശുദ്ധ കുരിശേ, ഞങ്ങളെ വലയം ചെയ്തിരി ക്കുന്ന വിവിധങ്ങളായ ശത്രുക്കളിൽ നിന്നും അപകടങ്ങ ളിൽ നിന്നും അന്ധകാരശക്തികളിൽനിന്നും കാത്തുരക്ഷി ക്കണമേ.  കുത്തിതുറക്കപ്പെട്ട ഈശോയുടെ തിരുഹൃദയ ത്തിന് സാക്ഷ്യം വഹിച്ച വിശുദ്ധ കുരിശേ, അനുദിനം ഞങ്ങൾക്കുണ്ടാകുന്ന സഹനങ്ങളെ അവിടുത്തെ കുരി ശിനോട് ചേർത്തുവെച്ച് ആത്മാക്കളെ നേടുവാൻ ഞങ്ങളെ സഹായിക്കണമേ.  നമ്മുടെ  കർത്താവീശോമിശിഹായുടെ അവസാന ശ്വാസോച്ഛ്വാസം ഏറ്റു വാങ്ങിയ വിശുദ്ധ കുരിശേ, ഞങ്ങളുടെ മരണസമയത്ത് ഞങ്ങളുടെ ആശ്വാസമായി വര ണമേ. യേശുവിന്റെ ജനന പീഢാസഹന മരണ ഉത്ഥാന സ്വർഗ്ഗാരോഹണ സത്യങ്ങൾ വിശ്വസിച്ച് ഏറ്റു പറയുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. ആമ്മേൻ.

*വിശ്വാസപ്രമാണം ( 5 പ്രാവശ്യം തുടർച്ചയായി ചൊല്ലുക)*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ച് തരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദിപറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാനാഗ്രഹിക്കുന്നില്ല എന്ന് ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു .................. (ഇവിടെ ആവശ്യം പറയുക)

## ഈശോയുടെ തിരുഹൃദയത്തോടുള്ള പ്രാർത്ഥന

എത്രയും മാധുര്യമുള്ള ഈശോയെ, അങ്ങേ തിരുഹൃദയത്തിൽ സങ്കേതം തേടുകയോ, അങ്ങേ സഹായം അപേക്ഷിക്കുകയോ, അങ്ങേ കാരുണ്യം യാചിക്കുകയോ

ചെയ്ത യാതൊരുത്തനും അങ്ങയാൽ ഉപേക്ഷിക്കപ്പെട്ടിട്ടില്ലായെന്ന് ഓർക്കണമേ. ഓ! ദിവ്യഹൃദയമേ, എല്ലാ ഹൃദയങ്ങളുടേയും ഭരണകർത്താവേ, ഈ ശരണത്താൽ പ്രേരിതനായി ഞാൻ അങ്ങേ പക്കലേയ്ക്ക് ഓടി വരുന്നു. പാപഭാരത്താൽ ഞെരുങ്ങുന്ന ഞാൻ അങ്ങേ സന്നിധിയിൽ സാഷ്ടാംഗ പ്രണാമം ചെയ്യുന്നു. എന്റെ അപേക്ഷ അങ്ങ് ഉപേക്ഷിക്കാതെ അനുകൂലമായി ചെവിക്കൊണ്ട് അത് എനിക്ക് തന്നരുളേണമേ. ഉത്തമപിതാവിനെപ്പോലെ അങ്ങ് ഞങ്ങളെ സ്നേഹിക്കുന്നുണ്ടെന്നും ഞങ്ങളുടെ രക്ഷ ക്കായി അങ്ങയെക്ക് തരുവാൻ തിരുമനസ്സായ പരമ പിതാവ് ഞങ്ങളുടെ പ്രാർത്ഥന അങ്ങുവഴി സ്വീകരിക്കുന്നുണ്ടെന്നും കാണിക്കണമേ.

ഈശോയുടെ എത്രയും പരിശുദ്ധ ഹൃദയമേ, എന്റെ ശരണം മുഴുവനും ഞാൻ അങ്ങിൽ വെച്ചുകൊള്ളുന്നു.

ആമ്മേൻ

## സർവ്വപുണ്യങ്ങൾക്കുമായി പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാരൂപിയായ ദൈവമേ, അങ്ങയുടെ ഏഴു ദാനങ്ങളായ ജ്ഞാനം, ബുദ്ധി, ആത്മശക്തി, ആലോചന, അറിവ്, ഭക്തി, ദൈവഭയം എന്നിവ എനിക്ക് നല്കണമേ.

അങ്ങനെ വിശ്വാസം, ശരണം, ഉപവി എന്നീ മൂന്ന് ദൈവീക പുണ്യങ്ങളിലും, വിവേകം, നീതി, സ്ഥിരത, മിതത്വം തുടങ്ങിയ സന്മാർഗ്ഗിക പുണ്യങ്ങളിലും സാരമായ പുരോഗതി എന്നിലുണ്ടാകട്ടെ. സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, കാരുണ്യം, നന്മ, ദീർഘശാന്തത, ശുദ്ധത എന്നീ അങ്ങയുടെ പന്ത്രണ്ട് ദിവ്യഫലങ്ങളും എന്റെ ആത്മാവിൽ അനുഭവവേദ്യമാക്കണമെ. മറ്റെല്ലാപുണ്യങ്ങളും വിശിഷ്യാ എളിമ, അനുസരണം, സത്യസന്ധത, തീക്ഷ്ണത എന്നിവയും ദൈവതിരുമനസ്സോടുള്ള പൂർണ്ണ വിധേയത്വവും ഞാൻ പ്രദർശിപ്പിക്കട്ടെ. സർവ്വോപരി പുണ്യാഭ്യാസത്തിൽ ആത്മാർത്ഥത പ്രകടിപ്പിച്ച്, അന്ത്യം വരെ അങ്ങേ ദിവ്യശുശ്രൂഷയിൽ ഞാൻ നിലനിൽക്കുകയും ഒരു ഭാഗ്യമരണം കൈവരിക്കുകയും ചെയ്യട്ടെ. അതുവഴി എല്ലാ ബഹുമാനവും മഹത്വവും എന്നന്നേയ്ക്കുമായുള്ള പിതാവിനോടും പുത്രനോടും കൂടെ അങ്ങയോടൊത്ത് നിത്യസൗഭാഗ്യം അനുഭവിക്കുവാനും എനിക്ക് അനുഗ്രഹം തരണമെ.

ആമ്മേൻ

ദൈവമേ, അങ്ങ് ആരാകുന്നുവെന്നും ഞാൻ എന്താകുന്നുവെന്നും ഗ്രഹിക്കുവാൻ അങ്ങേ അരൂപിയെ എനിക്ക് അയച്ചുതരണമെ.